"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആലപ്പുഴ ജില്ല - ചെറിയനാട് ഗ്രാമപഞ്ചായത്തിലെ വിവിധ ജലാശയങ്ങളുടെ നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നാം വാർഡിലെ ചേന്നക്കോട് കാവ് കുളം, നവീകരിക്കുന്ന പ്രവൃത്തിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2710/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-
1. ചെറിയനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.08.2024-ലെ തീരുമാനം നമ്പർ 7(1) (SRG/50/25)
2. ചെറിയനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.11.2024- ലെ PA-09/2023 നമ്പർ കത്ത്
3. 30.01.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.13

**ഉത്തരവ്**

2023-24 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് ഡിപിസി അംഗീകാരം ലഭിച്ച ചെറിയനാട് ഗ്രാമപഞ്ചായത്തിലെ വിവിധ ജലാശയങ്ങളുടെ നവീകരണം എന്ന പ്രവർത്തിയിൽ ഉൾപ്പെടുത്തി (നമ്പർ 243/24, അടങ്കൽ 1762500/- രൂപ) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഉപയോഗിച്ച് മൂന്നാം വാർഡിലെ ചേന്നക്കോട് കാവ് കുളം, നവീകരിക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിരുന്നു. എന്നാൽ ഈ കുളം ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതല്ല. 2024-25 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി തുടരുന്ന പദ്ധതിയിൽ കുളം നവീകരിച്ചാൽ ചെറിയനാട് ഗ്രാമപഞ്ചായത്തിൽ തരിശു കിടക്കുന്ന 20 ഹെക്ടർ പെരുനട പാടശേഖരത്തിൽ നെൽക്കൃഷി ചെയ്യാൻ കഴിയുമെന്നതിനാൽ 12.40 ലക്ഷം രൂപ അടങ്കൽ ആയുള്ള പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പരാമർശം 1 ലെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ കോർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു.

2. കുളത്തിന്റെ സമീപ പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ജലം ശേഖരിക്കുന്നതിനും അതുവഴി ശുദ്ധജലമുറപ്പാക്കാനും കുളം നവീകരണം

സഹായിക്കും, എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട ജനവിഭാഗങ്ങളുടെ ഉപയോഗത്തിനും ക്ഷേത്രക്കുളം ഉപയോഗിക്കാൻ അനുവദിക്കാമെന്ന് ക്ഷേത്ര ട്രസ്റ്റിന്റെ സമ്മതപത്രം വാങ്ങണം എന്ന വ്യവസ്ഥയിൽ പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുളത്തിന്റെ സമീപ പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ജലം ശേഖരിക്കുന്നതിനും അതുവഴി ശുദ്ധജലമുറപ്പാക്കാനും നവീകരണം സഹായിക്കും എന്നതിനാൽ എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട ജനവിഭാഗങ്ങളുടെ ഉപയോഗത്തിനും ക്ഷേത്രക്കുളം ഉപയോഗിക്കാൻ അനുവദിക്കാമെന്ന ക്ഷേത്ര ട്രസ്റ്റിന്റെ സമ്മതപത്രം വാങ്ങണം എന്ന വ്യവസ്ഥയിൽ ചെറിയനാട് ഗ്രാമപഞ്ചായത്തിലെ വിവിധ ജലാശയങ്ങളുടെ നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നാം വാർഡിലെ ചേന്നക്കോട് കാവ് കുളം, നവീകരിക്കുന്ന പ്രവൃത്തിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, ചെറിയനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
Date: 07-11-2025 11:23:47
സെക്ഷൻ ഓഫീസർ